**<u>ആസിയാൻ - ഇന്ത്യാ കേന്ദ്രം</u>**

ആസിയാൻ - ഇന്ത്യാ കേന്ദ്രത്തിന്റെ ഉദ്ഘാടനം (The ASEAN-India Centre (AIC) ജൂൺ 21 വെള്ളിയാഴ്ച , ഇന്ത്യാ ഹാബിറ്റാറ്റ് സെന്ററിലെ മഗോലിയ ഹാളിൽ നടന്ന ചടങ്ങിൽ വച്ച് കേന്ദ്ര വിദേശകാര്യവകുപ്പ് മന്ത്രി ശ്രീ സൽമാൻ ഖുർഷിദ് നിർവഹിച്ചു. ഡിസംബർ 20, രണ്ടായിരത്തി പന്ത്രണ്ടിൽ ആസിയാൻ-ഇന്ത്യ സ്മാരക ഉച്ചകോടി നടന്നിരുന്നു. അതിൽ അംഗീകരിച്ച ആസിയാൻ - ഇന്ത്യ വീക്ഷണ പ്രസ്താവനയിൽ (ASEAN-India Vision Statement) ആസിയാൻ നേതാക്കളും ഇന്ത്യയുടെ പ്രധാനമന്ത്രിയും നല്കിയ നിർദ്ദേശങ്ങളുടെ പൂർത്തീകരണം ആയിട്ടാണ് സെന്റർ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. . മുൻ വിദേശകാര്യ സെക്രട്ടറിയും ആർ ഐ എസ് (Research and Information System for Developing Countries (RIS) ചെയർമാനുമായ ശ്രീ ശ്യാം സരണിന്റെ മേൽനോട്ടത്തിന് കീഴിൽ ആണ് സെന്റർ സ്ഥാപിക്കുന്നത്.

2. ആസിയാൻ - ഇന്ത്യ തന്ത്ര പ്രധാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ആസിയാൻ - ഇന്ത്യ സെന്റർ വേണമെന്ന് ആസിയാൻ-ഇന്ത്യ വിശിഷ്ട വ്യക്തികളുടെ സംഘം (ASEAN-India Eminent Persons Group) മുന്നോട്ടുവച്ച നിർദേശങ്ങളിൽ ഒന്നായിരുന്നു. നിലവിലുള്ള ശേഷി ഉപയോഗിച്ച് ആസിയാൻ - ഇന്ത്യ സെന്റർ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങളെ കുറിച്ച് ഫെബ്രുവരി 21, 2013 ൽ ന്യൂഡെൽഹിയിൽ നടന്ന പതിനഞ്ചാമത് ആസിയാൻ-ഇന്ത്യ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചർച്ച ചെയ്തിരുന്നു.

3. ഉദ്ഘാടന ചടങ്ങിൽ ന്യൂഡെൽഹിയിലുള്ള ആസിയാൻ ദൌത്യതലവൻമാർ, തന്ത്രപ്രധാനമായ അംഗങ്ങൾ , മാധ്യമ പ്രതിനിധികൾ, ന്യൂഡെൽഹിയിലെ ആസിയാൻ ദൌത്യങ്ങളിലെ അംഗങ്ങൾ, ഇന്ത്യാ ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

4. രണ്ടായിരത്തി പതിനഞ്ചോടെ ആസിയാൻ സമൂഹമെന്നതിനെ ലക്ഷയ്പ്രാപ്തിയിൽ എത്തിക്കുവാൻ ഇന്ത്യയും ആസിയാനും തമ്മിലുള്ള സഹകരണത്തെ ശക്തിപ്പെടുത്തുവാൻ ആസിയാൻ ഇന്ത്യ കേന്ദ്രം പ്രവർത്തിക്കും. ആസിയാൻ രാഷ്ട്രീയ സുരക്ഷാ സമൂഹം; ആസിയാൻ സാമ്പത്തിക സമൂഹം; ആസിയാൻ സാമൂഹ്യ-സാംസ്ക്കാരിക സമൂഹം, എന്നിങ്ങനെ മൂന്നു തൂണുകൾ ചേരുന്നതാണ് ആസിയാൻ സമൂഹം . ആസിയാൻ അംഗ രാജ്യങ്ങൾക്കും ഇന്ത്യക്കും ഇടയിൽ സഹകരണത്തിന് വേണ്ട അവസരങ്ങൾ ഇപ്പോൾ പരിമിതപ്പെടുത്തുന്ന അറിവിന്റെ വിടവുകൾ നികത്തുന്നതിന് വേണ്ട വിഭവശേഷി കേന്ദ്രമായി ആസിയാൻ ഇന്ത്യ സെന്റർ പ്രവർത്തിക്കും. ആസിയാൻ രാജ്യങ്ങളിലേയും ഇന്ത്യയിലെയും ഉചിതമായ സംഘടനകളുമായും , ചിന്തകരുമായും ബന്ധപ്പെട്ടു ക്രമമായ പ്രവർത്തനങ്ങളിൽ ആസിയാൻ ഇന്ത്യ കേന്ദ്രം ഏർപ്പെടും. ഇവർക്ക് നാളിതു വരെയുള്ള വിവരങ്ങൾ നല്കുക, വസ്തുതകൾ കൈമാറുക, നിലനിൽക്കുന്ന പാര്സ്പര്യപ്രവർത്തനം നടത്തുക എന്നതിലൂടെ ആസിയാൻ-ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷയ്മിടുന്നത്. പരസ്പരം ബന്ധമുള്ള ജലം, ഊർജം, ഭക്ഷയ് സുരക്ഷ എന്നീ മേഖലകളിലെ ആസിയാൻ- ഇന്ത്യ സഹകരണത്തിനു പുറമെ

ആസിയാൻ- ഇന്ത്യ കൂട്ടിയിണക്കൽ കാര്യപരിപാടി നടപ്പാക്കുന്നതിൽ ആസിയാൻ-ഇന്ത്യ കേന്ദ്രം സഹായിക്കും.

5. ആസിയാൻ ഇന്ത്യ തന്ത്രപ്രധാന പങ്കാളിത്തത്തിന് ആവശ്യമായ ശ്രമങ്ങൾ പിന്തുണക്കുന്നതിനായി ഒരു വെബ്സൈറ്റ് ആസിയാൻ ഇന്ത്യ കേന്ദ്രം ഒരുക്കും .

**ജൂൺ 21, 2013**